ഉണ്ടായിരിക്കണം, പരസ്യങ്ങൾ പാടില്ല തുടങ്ങിയ വ്യവസ്ഥകളോടെയാണ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി. സാങ്കേതിക സമിതിയും കൈറ്റ് ഡയറക്ടർ ബോർഡും ജി സ്യൂട്ട് ഫോർ എജ്യൂക്കേഷൻ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിന് അനുമതി നൽകിയതും തുടർന്ന് ധാരണാപത്രം ഒപ്പിട്ടിട്ടുള്ളതും. മാത്രമല്ല, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള എൻ.സി.ഇ.ആർ.ടി. ഗൂഗിൾ ഇന്ത്യയുമായി ഒപ്പുവച്ച ധാരണാ പത്രത്തിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ജി സ്യൂട്ടിനുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുള്ളത്.

**തോട്ട ഭൂമിയിൽ കൃഷിയും ടൂറിസവും**

24(*234) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ട ഭൂമിയിൽ മറ്റ് വിളകൾ കൃഷി ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അതിനനുസൃതമായി ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

&

(സി) തോട്ടങ്ങൾ ലാഭകരമാക്കി നടത്താൻ കഴിയാത്ത സാഹചര്യത്തിൽ തോട്ട ഭൂമിയുടെ അഞ്ച് ശതമാനം മറ്റ് വിളകൾ കൃഷിചെയ്യാനും ടൂറിസത്തിനും ഉപയോഗിക്കുന്നതിന് അനുമതി നൽകുമോയെന്ന് അറിയിക്കാമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം പരിധിയിൽ അധികം ഭൂമി കൈവശം വച്ചവർക്കെതിരെ മിച്ചഭൂമി കേസ് എടുക്കുമ്പോൾ 81(1)(ഇ) വകുപ്പ് പ്രകാരം തോട്ടങ്ങൾക്ക് ഒഴിവ് നൽകാറുണ്ട്. ഇത്തരത്തിൽ ഒഴിവ് നൽകിയ തോട്ടഭൂമിയുടെ 5% മറ്റ് വിളകൾ കൃഷി ചെയ്യാനോ ടൂറിസത്തിന് ഉപയോഗിക്കാനോ കഴിയുന്നതാണെന്ന് 81(4)-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1963-ലെ നിയമത്തിലെ 81-ാം വകുപ്പിൽ 4-ാം ഉപവകുപ്പ് കൂട്ടി ചേർത്തുകൊണ്ട് 2012-ൽ വരുത്തിയ ഭേദഗതി പ്രകാരം തോട്ടഭൂമിയുടെ 5% വരെ ഭൂമിയിൽ മറ്റ് വിളകൾ കൃഷി ചെയ്യാവുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ ഇനിയും നിയമ ഭേദഗതി ആവശ്യമില്ല. ഇതുസംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 7-3-2013-ലെ സ.ഉ.(സാധാ.) 1254/2013/റവന്യൂ നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly